**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1424** **03-02-2026 - ൽ മറുപടിയ്ക്ക്**

**സർട്ടിഫിക്കറ്റുകളുടെ സമയബന്ധിത വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പുകളിൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും ഇതിന്റെ നടപടിക്രമം എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഹൈസ്കൂൾ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫലം പ്രഖ്യാപിക്കുന്നതോടു കൂടി ഡിജിലോക്കറിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും, പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ എ ലിസ്റ്റ് മുഖേന സ്വീകരിക്കുകയും, ബയോഡാറ്റ ഭാഗത്തുള്ള അപാകതകൾ എഡിറ്റ് ചെയ്ത് പരിഹരിച്ച് മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും ഓൺലൈൻ ആയി നേരിട്ട് വിഷയങ്ങളുടെ സ്കോറുകൾ ശേഖരിക്കുന്നു. പരീക്ഷ കേന്ദ്രങ്ങളിൽ നിന്നും മാന്വലായി ലഭ്യമായിട്ടുള്ള സ്കോർ പരിശോധിച്ച് ഉറപ്പു വരുത്തി കോൺഫിഡൻഷ്യൽ പ്രസ്സിൽ നിന്നും സെക്യൂരിറ്റി ഫീച്ചേഴ്സുള്ള സർട്ടിഫിക്കറ്റ് കാർഡ് പ്രിന്റ് ചെയ്യുന്നു. പ്രസ്തുത കാർഡിൽ ഓരോ വർഷവും പരീക്ഷ എഴുതുന്ന കുട്ടികളുടെ സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുന്നു . തുടർന്ന് സ്കൂൾ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റുകൾ പ്രത്യേക വാഹനങ്ങളിൽ സ്കൂളുകളിൽ നേരിട്ട് എത്തിക്കുന്നു. ടി സർട്ടിഫിക്കറ്റിൽ പ്രഥമാദ്ധ്യാപകൻ ഒപ്പ്, സീൽ, ഓഫീസ് മുദ്ര എന്നിവ രേഖപ്പെടുത്തി പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു.<br><br>പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ പരീക്ഷകൾ കഴിഞ്ഞ് ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം പൂർത്തിയാക്കിയതിനുശേഷം, സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നതിനായി ടെൻഡർ നടപടിക്രമങ്ങൾ പ്രകാരം നിയോഗിച്ചിട്ടുള്ള പ്രസ്സുകളിലേക്ക് അയക്കുന്നു. പ്രസ്സുകളിൽ നിന്ന് പ്രിന്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ നേരിട്ട് സംസ്ഥാനത്തെ 14 ജില്ലകളിലും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ജില്ലാ കേന്ദ്രങ്ങളിലേക്ക് വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. തുടർന്ന്, ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് അതത് ജില്ലയിലെ വിവിധ സ്കൂളുകളിലെ പ്രിൻസിപ്പാൾമാർ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ കുറച്ച് കൂടി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ് നൽകുക, തിരുത്തലുകൾ വരുത്തുക എന്നീ അപേക്ഷകളിൽമേൽ നടപടി ക്രമം ലഘൂകരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (സി) | കേടുപാടായ സർട്ടിഫിക്കറ്റ് നൽകുന്നതിന് നിശ്ചിത ഫീസ് ഒടുക്കിയ ചെലാനോടുകൂടി കേടുപാടായ സർട്ടിഫിക്കറ്റും അപേക്ഷയും ഉചിതമാർഗ്ഗേന പരീക്ഷാഭവന് ലഭ്യമാകുന്ന മുറയ്ക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകി വരുന്നു.<br><br>നഷ്പ്പെട്ട സർട്ടിക്കറ്റുകൾക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ, പത്രപരസ്യം, ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അഫിഡവിറ്റ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ എന്നിവ സഹിതം അപേക്ഷ ഉചിതമാർഗ്ഗേന പരീക്ഷാഭവന് ലഭ്യമാകുന്ന മുറയ്ക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകി വരുന്നു. ഈ വിഭാഗത്തിൽ നിലവിൽ ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അഫിഡവിറ്റ് ലഘൂകരിച്ച് നോട്ടറിയിൽ നിന്നുള്ള അഫിഡവിറ്റിന്റെ സാധുത പരിശോധിച്ചു വരുന്നു.<br><br>പ്രകൃതി ദുരന്തങ്ങളിൽ സർട്ടിഫിക്കറ്റ് നഷ്ടമായവർക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം മേൽ നടപടി ക്രമങ്ങൾ എല്ലാം ലഘൂകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നു. One and same certificate മുൻ കാലങ്ങളിൽ നിന്നും വിഭിന്നമായി നിലവിൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് സ്വീകരിച്ചു വരുന്നു. ജനനസർട്ടിഫിക്കറ്റിലെ സാധുത പരിശോധിക്കുന്നത് നിലവിൽ ഓൺലൈൻ സംവിധാനത്തിലൂടെയാണ്. അപേക്ഷയിൽ തന്നെ ഫോൺ നമ്പർ ശേഖരിക്കുകയും അപേക്ഷ അപാകതകൾ ഫോൺ മുഖാന്തിരം ബന്ധപ്പെട്ട് ഇ-മെയിൽ വഴിയും, വാട്ട്സ്ആപ്പ് വഴിയും ലഭിക്കുന്ന രേഖകൾ ഉപയോഗിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നു.<br><br>ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, വിവിധ തിരുത്തലുകൾ സംബന്ധിച്ച അപേക്ഷകൾ എന്നിവ നിലവിൽ ഈ-ഓഫീസ്/ഓൺലൈൻ |

| | | | |
|---|---|---|---|
| | | | സംവിധാനത്തിലാക്കിയിട്ടുള്ളതിനാൽ നടപടികൾ വേഗത്തിലാക്കുവാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | ബന്ധപ്പെട്ട വകുപ്പുകളിൽ പ്രസ്തുത ജോലികൾ ചെയ്യുന്നതിന് മതിയായ സ്റ്റാഫ് പാറ്റേൺ നിലനിർത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ലഭ്യമാക്കാമോ? | (ഡി) | ഹൈസ്കൂൾ വിദ്യാർത്ഥികളുടെയും വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെയും സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുന്നതിനുള്ള ജോലി ചെയ്യുന്നതിന് മതിയായ സ്റ്റാഫ് പാറ്റേൺ നിലനിർത്തിയിട്ടുണ്ട്. ഹയർസെക്കന്ററി വിഭാഗത്തിൽ നിലവിൽ പഴയ സ്റ്റാഫ് പാറ്റേൺ ആണ് തുടർന്ന് വരുന്നത്. വിശദാംശം **അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സ്റ്റാഫ് പാറ്റേൺ  പരീക്ഷ ഭവൻ

| | |
|---|---|
| ജോയിൻറ് കമ്മീഷണർ | 1 |
| സെക്രട്ടറി | 1 |
| പി എ ടു സെക്രട്ടറി | 1 |
| സിസ്റ്റം  മാനേജർ | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് | 1 |
| സീനിയർ സൂപ്രണ്ട് | 3 |
| ജൂനിയർ സൂപ്രണ്ട് | 12 |
| ക്ലാർക്ക് | 73 |
| ഫെയർ കോപ്പി സൂപ്രണ്ട് | 1 |
| ടൈപ്പിസ്റ്റ് | 10 |
| ഓഫീസ് അറ്റൻഡൻറ് | 11 |
| ഡ്രൈവർ | 4 |
| എഫ് റ്റി എം | 3 |
| പി ടി സി എം | 8 |
| ബൈൻഡർ | 2 |
| റെക്കോർഡ് കീപ്പർ | 2 |
| ലിഫ്റ്റ് ഓപ്പറേറ്റർ | 1 |
| ലോറി ക്ലീനർ | 3 |

## സ്റ്റാഫ് പാറ്റേൺ വൊക്കോഷണൽ ഹയർ സെക്കന്ററി വിഭാഗം

| | |
|---|---|
| സെക്രട്ടറി | 1 |
| സീനിയർ സൂപ്രണ്ട്/<br>ടെക്നിക്കൽ ഓഫീസർ | 1 |
| കമ്പ്യൂട്ടർ സെക്ഷൻ | 1 |
| സെക്ഷൻ ക്ലാർക്ക് | 1 |

**സ്റ്റാഫ് പാറ്റേൺ ഹയർ സെക്കന്ററി വിഭാഗം**

| പരീക്ഷാ വിഭാഗം | സൂപ്രണ്ട് | ക്ലാർക്ക് | ആകെ |
|---|---|---|---|
| സെക്ഷൻ IV | 1 | 4 | 5 |
| സെക്ഷൻ VI | 1 | 3 | 4 |
| സെക്ഷൻ VII | 1 | 3 | 4 |
| ടൈപ്പിസ്റ്റ് | | 3 | 3 |